# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

## തിരുവനന്തപുരം

നമ്പർ ബി4/7740/2012/ഡി.എം.ഇ. തീയതി 10.12.2012

## വിജ്ഞാപനം

Ref:- 1. Letter No.47478/K2/2012/H&FWD dated 6.12.2012
2. G.O.(Rt) No.4016/2012/H&FWD dated 7.12.2012

*****

മിംസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് (കോഴിക്കോട്) 2012-2013ൽ ആരംഭിക്കുന്ന എം.എസ്.സി. എം.എൽ.ററി. (മൈക്രോബയോളജി ആൻഡ് പത്തോളജി) കോഴ്സിൽ, ഗവണ്മെന്റ് മെറിററ് സീററിൽ തെരഞ്ഞെടുക്കപ്പെടുന്നതിന്, എൽ.ബി.എസ്. സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ നടത്തിയ പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് വേണ്ടിയുള്ള ഇന്റർവ്യൂ 17.12.2012ൽ രാവിലെ 11 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിൽ ഉള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത കൗൺസലിംഗിന് ജനറൽ മെറിററിലും മററ് സംവരണ വിഭാഗത്തിലും ഉള്ളവർക്ക് പങ്കെടുക്കാം. ആദ്യത്തെ കൗൺസലിംഗിൽ പങ്കെടുക്കാത്തവർക്കും സീററ് അലോട്ട്മെന്റ് കിട്ടിയിട്ടും ജോയിൻ ചെയ്യാത്തവർക്കും ജോയിൻ ചെയ്തതിനു ശേഷം സീററ് ഉപേക്ഷിച്ചവർക്കും കൗൺസലിംഗിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. സംവരണാനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികൾ ബന്ധപ്പെട്ട അധികാരികൾ നൽകുന്ന അസ്സൽ സാക്ഷ്യപത്രം ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

പ്രവേശന പരീക്ഷയുടെ റാങ്കിന്റെ ക്രമം അനുസരിച്ചും ലഭ്യമായ ഒഴിവുകളുടെ അടിസ്ഥാനത്തിലും ആയിരിക്കും അപേക്ഷകരെ തെരഞ്ഞെടുക്കുന്നത്. അപേക്ഷകർ പ്രവേശനപരീക്ഷയുടെ അഡ്മിററ് കാർഡും പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന ഒറിജിനൽ സർട്ടിഫിക്കററുകളും ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.dme.kerala.gov.in എന്ന വെബ്സൈററിൽ ലഭ്യമാണ്.

ഗവണ്മെന്റ് മെറിററ് സീററ് താഴെപ്പറയുന്ന പ്രകാരം വിഭജിക്കുന്നു.

| Specialty | G.M. | SC | ST | EZ | MU | LC | BX | BH | KU | Total |
|---|---|---|---|---|---|---|---|---|---|---|
| Microbiology | 1 | 1 | | | | | | | | 2 |
| Pathology | 2 | | | 1 | | | | | | 3 |
| | | | | | | | | | | 5 |

ഒപ്പ്

ഡയറക്ടർ

പകർപ്പ്:
1. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
2. ന്യൂസ് എഡിററർ, ആകാശവാണി, ദൂരദർശൻ, തിരുവനന്തപുരം, കോഴിക്കോട്
2. ഡി.എം.ഇ.യുടെ സി.എ/ജെ.ഡി.എം.എ (എം/ജി) എന്നിവരുടെ സി.എ.മാർക്ക്
4. സാർജന്റ്/ഓഫീസ്/നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ